Draft #5 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:50 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുവാൻ തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1258/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.03.2021

---

*പരാമർശം:*-1.സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിലേക്കായി വിവിധ കോളേജ് പ്രിൻസിപ്പാൾമാർ സമർപ്പിച്ച അപേക്ഷ.

2. സർവ്വകലാശാല ഉത്തരവ് നം.679/AcA1/2020/എം.ജി.യു തീയതി 05.02.2020
3. സർവ്വകലാശാല ഉത്തരവ് നം.3251/AcA1/2020/എം.ജി.യു തീയതി 16.07.2020
4. സർവ്വകലാശാല ഉത്തരവ് നം.291/AcA1/2021/എം.ജി.യു തീയതി 14.01.2021
5. കത്ത് നം. 13159/ACA1-1/2020/2020/ACA1 തീയതി. 16.01.2021
6. 30.01.2021തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം. നം. 42/21.01/210010

**ഉത്തരവ്**

എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിനായി വിവിധ കോളേജ് പ്രിൻസിപ്പാൾമാർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷകൾ സർവ്വകലാശാല പരിഗണിക്കുകയും പരാമർശം (2) പ്രകാരം നിയമിതമായ പരിശോധന സമിതികൾ കോളേജുകൾ സന്ദർശിച്ച് പഠന ഭൗതിക സൗകര്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പരിശോധന റിപ്പോർട്ടുകൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ, 2020-21 അദ്ധ്യയന വർഷത്തേയ്ക്ക് താഴെ കൊടുത്തിരിക്കുന്ന സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ പുതുക്കുന്നതുമായി ബന്ധപ്പെട്ട് കോളേജ് പ്രിൻസിപ്പാൾ, മാനേജർ എന്നിവർ അടിയന്തിരമായി അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹിയറിംഗിനായി ഹാജരാകുവാൻ പരാമർശം (3)&(4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ഹിയറിംഗിന് ഹാജരാകുവാനുള്ള നിർദ്ദേശം എല്ലാ കോളേജുകളെയും പരാമർശം (5) പ്രകാരം അറിയിക്കുകയും ചെയ്തു.

| Sl.No | Name of College | Course |
|---|---|---|
| | | 1. BCA<br>2. B.Com. Computer Applications |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:50 PM - Page 2

| | | |
|---|---|---|
| 1 | Nirmala College, Muvattupuzha | Model III<br>3. BA English Literature&Communication studies(Double Main) Model III<br>4. B.Com. Taxation Model III<br>5. B.Com. Office Management &Secretarial practice Model III<br>6. BTTM<br>7. M.Com.<br>8. MTTM<br>9. MHRM<br>10. M.Sc. Mathematics<br>11. MCA<br>12. MCA(Additional batch) |
| 2 | Sree Sankara College, Kalady,Ernakulam | 1. B.Sc. Microbiology<br>2. B.Sc. Biotechnology<br>3. B.Voc. Renewable Energy& Management<br>4. B.Voc. Tourism&Hospitality<br>5. B.Voc. Broadcasting & Journalism<br>6. M.Sc. Biochemistry<br>7. M.Sc. Environment Science&Management. |
| 3 | Bishop Abraham Memorial College, Thuruthicaud, Pathanathitta | 1. B.Com. Computer Applications Model I<br>2. M.Sc. Botany |
| 4 | Catholicate College, Pathanamthitta. | 1. B.Com. Computer Applications model I<br>2. BCA<br>3. M.Com.<br>4. MTTM |
| 5 | Aquinas College, Edacochin | 1. B.Sc. Electronics Model III<br>2. B.Com Finance&Taxation Model I<br>3. M.Com. Financial Management<br>4. M.Sc. Biotechnology. |

മേൽ പരാമർശിച്ചിരിക്കുന്ന കോളേജുകളുമായി നടത്തിയ ഹിയറിംഗിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

**നിർമല കോളേജ്, മൂവാറ്റുപുഴ**

പങ്കെടുത്തവർ

Dr. Thomas K.V (principal)

Fr. Jestin K. Kuriakose

sri. Jose Karakunnel

- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി ലൈബ്രറി,ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ലോക്ക്ഡൗൺ കാലയളവിൽ സ്വാശ്രയ വിഭാഗം ജീവനക്കാർക്ക് ശമ്പളം പൂർണമായും നൽകിയിട്ടുണ്ട്.
- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി ഒരു ഡയറക്ടർ-നെ നിയമിക്കേണ്ടതുണ്ട്.

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യായന വർഷം തുടരുന്നതിനു തീരുമാനിച്ചു.

**ശ്രീ ശങ്കര കോളേജ്, കാലടി**

പങ്കെടുത്തവർ

Dr.Suresh A. (Principal)

- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി ലൈബ്രറി,ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ലോക്ക്ഡൗൺ കാലയളവിൽ സ്വാശ്രയ വിഭാഗം ജീവനക്കാർക്ക് ശമ്പളം പൂർണമായും നൽകിയിട്ടുണ്ട്.
- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി ഡയറക്ടർ/കോർഡിനേറ്റർ -നെ നിയമിക്കേണ്ടതുണ്ട്.
- ഫീസിനത്തിൽ സർവ്വകലാശാലയിലേക്ക് അടയ്ക്കുവാനുള്ള തുക അടുത്ത ഇൻസ്പെക്ഷന് മുൻപായി തീർപ്പാക്കുവാൻ അഫിലിയേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു.

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യായന വർഷം തുടരുന്നതിനു തീരുമാനിച്ചു.

**BAM കോളേജ്, തുരുത്തിക്കാട്**

പങ്കെടുത്തവർ

Dr. Biju T George (Principal)

Sri. Murukesh M Nair (Co-ordinator)

- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി കെട്ടിടം ഉണ്ട്.
- ലോക്ക്ഡൗൺ കാലയളവിൽ മെയ് മാസം സ്വാശ്രയ വിഭാഗം ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടില്ല. ആയതു അടിയന്തിരമായി വിതരണം ചെയ്ത ശേഷം അഫിലിയേഷൻ കമ്മിറ്റിയെ അറിയിക്കുവാൻ ആവശ്യപ്പെട്ടു.

Draft #5 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:50 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യായന വർഷം തുടരുന്നതിനു തീരുമാനിച്ചു.

**<u>കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട</u>**

<u>പങ്കെടുത്തവർ</u>

Dr. Sunil Jacob (HOD, Chemistry)

Sri. Reji David (Office staff)

- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി കെട്ടിടം,ലൈബ്രറി,ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- ടി പ്രോഗ്രാമുകൾക്ക് മാത്രമായി കോർഡിനേറ്റർ-നെ നിയമിക്കുവാൻ അഫിലിയേഷൻ കമ്മിറ്റി ആവശ്യപ്പെട്ടു.
- ലോക്ക്ഡൗൺ കാലയളവിൽ സ്വാശ്രയ വിഭാഗം ജീവനക്കാർക്ക് ശമ്പളം കുറവ് ചെയ്താണ് വിതരണം ചെയ്തത്. കുറവ് വരുത്തിയ തുക അടിയന്തിരമായി വിതരണം ചെയ്ത ശേഷം ആയതിന്റെ പ്രൂഫ് അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു.

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യായന വർഷം തുടരുന്നതിനു തീരുമാനിച്ചു.

**<u>അക്വിനാസ് കോളേജ്, ഇടക്കൊച്ചി</u>**

<u>പങ്കെടുത്തവർ</u>

Fr. Johnson Chirammel (Manager)

Bridgit Jeeji C.J. (Principal)

Sri. Joseph John C.(Laison Officer)

- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി കോളേജിൽ ഗ്രൗണ്ട് ഫ്ലോർ ഉപയോഗിക്കുന്നു.
- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- സ്വാശ്രയ കോഴ്സുകൾക്ക് മാത്രമായി കോർഡിനേറ്റർ ഉണ്ട്.
- ശമ്പളം പൂർണമായും വിതരണം ചെയ്തിട്ടുണ്ട്.

ടി കോളേജിലെ സ്വാശ്രയ കോഴ്സുകളുടെ താൽകാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷം തുടരുന്നതിനു തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ

Draft #5 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:50 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

2. വി.സി /പി.വി.സി എന്നിവരുടെ പി.എസ് മാർ

3. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ

4.ജെ ആർ /ഡി ആർ / എ ആർ (പരീക്ഷ വിഭാഗം /അക്കാദമിക് വിഭാഗം)

5. എസി.സി1 /എസി.സി2/ എ.റ്റി .ആർ

6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/യൂണിവേഴ്സിറ്റി വെബ് സൈറ്റ്

7.ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 01-Mar-2021 12:50 PM - Page 5